അവൻ പറഞ്ഞത് സത്യമാണെങ്കിൽ അവൻ വിജയിച്ചിരിക്കുന്നു
ത്വൽഹ ബ്നു ഉബൈദില്ലാഹ് -هُْنَع هُ

َ ِض َي الل
ر- നിവേദനം: നജ്ദുകാരിൽ പെട്ട -ചിതറിക്കിടക്കുന്ന
മുടിയുള്ള- ഒരാൾ നബി -صلى الله عليه وسلم- യുടെ അരികിൽ വന്നു. അദ്ദേഹത്തിൻ്റെ ശബ്ദത്തിൻ്റെ മുഴക്കം
ഞങ്ങൾ കേൾക്കുന്നുണ്ട്. എന്നാൽ പറയുന്നതെന്താണെന്ന് ഞങ്ങൾക്ക്
മനസ്സിലാകുന്നുണ്ടായിരുന്നില്ല. അങ്ങനെ നബി -صلى الله عليه وسلم- യുടെ അരികിലേക്ക് അദ്ദേഹം എത്തി.
ഇസ്ലാമിനെ കുറിച്ചായിരുന്നു അയാൾ ചോദിച്ചു കൊണ്ടിരുന്നത്. നബി -صلى الله عليه وسلم- അതിനുള്ള
ഉത്തരമായി പറഞ്ഞു: "രാത്രിയും പകലുമായി അഞ്ചു നേരത്തെ നിസ്കാരം (നിർവ്വഹിക്കണം)."
അയാൾ ചോദിച്ചു: "അതല്ലാതെ മറ്റു വല്ലതും എൻ്റെ മേൽ ബാധ്യതയുണ്ടോ?!" നബി -صلى الله عليه وسلم-പറഞ്ഞു: "ഇല്ല. നീ ഐഛികമായി (സുന്നത്തായി) വല്ലതും ചെയ്താലല്ലാതെ." ശേഷം നബി -صلى الله عليه وسلم-പറഞ്ഞു: "റമദാൻ മാസത്തിലെ നോമ്പും (അനുഷ്ഠിക്കണം)." അയാൾ ചോദിച്ചു: "അതല്ലാതെ
മറ്റു വല്ലതും എൻ്റെ മേൽ ബാധ്യതയുണ്ടോ?!" നബി -صلى الله عليه وسلم- പറഞ്ഞു: "ഇല്ല. നീ ഐഛികമായി
(സുന്നത്തായി) വല്ലതും ചെയ്താലല്ലാതെ." ശേഷം നബി -صلى الله عليه وسلم- അദ്ദേഹത്തോട് സകാത്തിനെ
കുറിച്ച് പറഞ്ഞു. അപ്പോൾ അയാൾ ചോദിച്ചു: "അതല്ലാതെ മറ്റു വല്ലതും എൻ്റെ മേൽ
ബാധ്യതയുണ്ടോ?!" നബി -صلى الله عليه وسلم- പറഞ്ഞു: "ഇല്ല. നീ ഐഛികമായി (സുന്നത്തായി) വല്ലതും
ചെയ്താലല്ലാതെ." അങ്ങനെ ആ മനുഷ്യൻ തിരിച്ചു പോയി. അയാൾ പറയുന്നുണ്ടായിരുന്നു:
"അല്ലാഹു സത്യം! ഈ പറഞ്ഞതിൽ ഞാൻ വർദ്ധിപ്പിക്കുകയോ കുറക്കുകയോ ചെയ്യില്ല." നബി -
صلى الله عليه وسلم-) അദ്ദേഹത്തെ കുറിച്ച്) പറഞ്ഞു: "അവൻ പറഞ്ഞത് സത്യമാണെങ്കിൽ അവൻ
വിജയിച്ചിരിക്കുന്നു."
[صحيح] [متفق عليه]
നജ്ദുകാരിൽ പെട്ട ഒരാൾ നബി -صلى الله عليه وسلم- യുടെ അടുക്കൽ വന്നു. അയാളുടെ മുടി ചിതറിക്കിടക്കുന്ന
നിലയിലും, ശബ്ദം വളരെ ഉച്ചത്തിലുമായിരുന്നു. അദ്ദേഹം സംസാരിക്കുന്നത്
കേൾക്കുന്നവർക്ക് ഗ്രഹിക്കാൻ സാധിച്ചിരുന്നില്ല. അങ്ങനെ നബി -صلى الله عليه وسلم- യുടെ
അടുത്തെത്തിയപ്പോൾ അദ്ദേഹം ഇസ്ലാമിലെ വിധിവിലക്കുകളെ കുറിച്ചും നിയമങ്ങളെ കുറിച്ചും
ചോദിക്കാൻ ആരംഭിച്ചു. നബി -صلى الله عليه وسلم- നിസ്കാരത്തെ കുറിച്ചാണ് അയാൾക്ക് ആദ്യം പറഞ്ഞു
കൊടുത്തത്. എല്ലാ ദിവസവും, രാവിലെയും രാത്രിയുമായി അഞ്ചു നേരത്തെ നിസ്കാരം അല്ലാഹു
അയാൾക്ക് മേൽ നിർബന്ധമാക്കിയിട്ടുണ്ട് എന്ന് അവിടുന്ന് അറിയിച്ചു. അപ്പോൾ അയാൾ
ചോദിച്ചു: ഈ അഞ്ചു നേരത്തെ നിസ്കാരങ്ങൾ അല്ലാതെ മറ്റേതെങ്കിലും നിസ്കാരം എൻ്റെ മേൽ
നിർബന്ധമുണ്ടോ? നബി -صلى الله عليه وسلم- പറഞ്ഞു: "ഇല്ല. ഐഛികമായ നിസ്കാരങ്ങൾ നിനക്ക് നിർവഹിക്കാം
എന്നല്ലാതെ." ശേഷം നബി -صلى الله عليه وسلم- പറഞ്ഞു: റമദാൻ മാസത്തിലെ നോമ്പും അല്ലാഹു നിനക്ക് മേൽ
നിർബന്ധമാക്കിയ കാര്യങ്ങളിൽ പെട്ടതാണ്. അപ്പോൾ ആഗതൻ ചോദിച്ചു: "റമദാൻ മാസത്തിലെ ഈ
നോമ്പല്ലാതെ മറ്റേതെങ്കിലും നോമ്പുകൾ എനിക്ക് മേൽ നിർബന്ധമുണ്ടോ?" നബി -صلى الله عليه وسلم- പറഞ്ഞു:
"ഇല്ല. നിനക്ക് ഐഛികമായ നോമ്പുകൾ എടുക്കാം എന്നല്ലാതെ." ശേഷം നബി -صلى الله عليه وسلم- സകാത്തിനെ
കുറിച്ച് പറഞ്ഞു. ആഗതൻ ചോദിച്ചു: നിർബന്ധമായ സകാത്ത് നൽകിയാൽ മറ്റേതെങ്കിലും
ദാനധർമങ്ങൾ എനിക്ക് മേൽ നിർബന്ധമുണ്ടോ? നബി -صلى الله عليه وسلم- പറഞ്ഞു: ഇല്ല. നീ ഐഛികമായി വല്ലതും
ചെയ്യുന്നെങ്കിലല്ലാതെ. നബി -صلى الله عليه وسلم- ഈ വിധിവിലക്കുകളും നിർബന്ധ ബാധ്യതകളും വിശദീകരിച്ചു
നൽകുന്നത് കേട്ടതിന് ശേഷം ആഗതൻ തിരിഞ്ഞു നടന്നു. താൻ കേട്ട കാര്യത്തിൽ

[illegible]

https://www.sunnah.global/hadeeth/ml/show/3700